**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5051** **20-07-2022 - ൽ മറുപടിയ്ക്ക്**

**ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന പട്ടയ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ലാന്റ് ട്രിബ്യൂണലുകളിൽ പട്ടയ കേസുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 89975ൽ പരം കേസുകളാണ് സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിക്കുന്നത്. |
| (ബി) | അദാലത്ത് ഉൾപ്പെടെയുള്ള നടപടികളിലൂടെ ഇത്തരം അപേക്ഷകളിൽ തീർപ്പുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിരവധി കർമ്മ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാന്റ് ട്രിബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 13500ഓളം പട്ടയങ്ങൾ വിതരണം ചെയ്തു. രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 39586 ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇതേ മാതൃകയിൽ മിഷൻ മോഡിൽ പദ്ധതികൾ ആരംഭിച്ച് ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ലാന്റ് ട്രിബ്യൂണൽ ഓഫീസിൽ എത്ര അപേക്ഷകളാണ് നിലവിൽ പെന്റിംഗിലുള്ളത്; ഏത് തീയതി വരെ ലഭിച്ച അപേക്ഷകളാണ് നിലവിൽ തീർപ്പ് കല്പിച്ചത്; വ്യക്തമാക്കാമോ? | (സി) | പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ 2028 അപേക്ഷകളാണ് നിലവിൽ പെൻറിംഗിലുള്ളത്. 2020 വരെ ലഭിച്ച അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ നടപടിക്രമങ്ങളാണ് ബാധകം. വിചാരണ, തെളിവെടുപ്പ്, മൊഴിയെടുപ്പ്, നോട്ടീസ് നടത്തൽ തുടങ്ങി സിവിൽ കോടതിയുടെ നടപടികൾ അനുവർത്തിച്ചാണ് ലാൻഡ് ട്രൈബ്യൂണലുകൾ വിധി പ്രസ്താവം നടത്തുന്നത്. എതിർ കക്ഷികൾ objection രേഖപ്പെടുത്താത്തതും കക്ഷികൾ രേഖകളെല്ലാം സമർപ്പിക്കുന്നതുമായ കേസുകൾ വേഗത്തിൽ തീർപ്പാക്കാറുണ്ട്. എന്നാൽ എതിർ കക്ഷികൾ contest ചെയ്യുന്നതും കക്ഷികൾ |

| | | | |
|---|---|---|---|
| | | | രേഖകൾ സമർപ്പിക്കാത്തതുമായ കേസുകളുടെ തീർപ്പാക്കൽ നീണ്ട് പോകാറുണ്ട്. |

സെക്ഷൻ ഓഫീസർ